ജാനേ ത്വാം സർവ്വഭൂതാനാം പ്രാണ ഓജ: സഹോ ബലം
വിഷ്ണും പുരാണ പുരുഷം പ്രഭവിഷ്ണുമധീശ്വരം (10-56-26)
ത്വം ഹി വിശ്വസൃജാം സ്രഷ്ടാ സൃ ജ്യാനാമപി യച്ച സത്
കാല: കലയതാമീശ: പര ആത്മാ തഥാ$ff$ത്മനാം (10-56-27)

*ശുകമുനി തുടർന്നു:*
ദ്വാരകയിൽ സൂര്യദേവൻെറ ഭക്തനായി സത്രാജിത്ത് എന്നൊരാളുണ്ടായിരുന്നു. ഒരു ദിവസം സൂര്യദേവൻ സത്രാജിത്തിന് സ്യമന്തകം എന്ന് പേരായ ഒരു മഹനീയ രത്നം നൽകി. സ്യമന്തകം അതീവ പ്രഭയേറിയതും അതിൻെറ ഉടമയ്ക്ക് നിലയ്ക്കാത്ത സമ്പത്തു നൽകുവാൻ കഴിയുന്നതുമായിരുന്നു. ആ രത്നവുമണിഞ്ഞു കൊണ്ട് സത്രാജിത്ത് ദ്വാരകയിൽ പ്രവേശിച്ചു. ജനം അദ്ദേഹത്തെ സൂര്യദേവനെന്ന് തെറ്റിദ്ധരിച്ചു പോയി. കൃഷ്ണൻ സത്രാജിത്തിനോട് രത്നം തൻെറ കയ്യിൽ തരാൻ ആവശ്യപ്പെട്ടു. കാരണം അങ്ങിനെയുള്ള അപൂർവ്വ സമ്പത്ത് രാജാവിൻെറ കൈവശമായിരിക്കണം. ഉഗ്രസേനരാജാവിൻെറ കയ്യിൽ സൂക്ഷിച്ച് അത് പൊതു നൻമയ്ക്കായി ഉപയോഗിക്കാം എന്നായിരുന്നു കൃഷ്ണൻെറ അഭിപ്രായം. എന്നാൽ സത്രാജിത്ത് അത് ചെവിക്കൊണ്ടില്ല.

ഒരു ദിവസം സത്രാജിത്തിൻെറ സഹോദരനായ പ്രസേനൻ സ്യമന്തകവും ധരിച്ച് വനത്തിൽ പോയി. തിളങ്ങുന്ന കല്ലിൻെറ ആകർഷണത്തിൽ ഒരു സിംഹം പ്രസേനനെ ആക്രമിച്ച് കൊലപ്പെടുത്തി. സിംഹം സ്യമന്തകത്തെ ഒരു ഗുഹയ്ക്കു സമീപത്തേയ്ക്കു കൊണ്ടുപോയി. സുപ്രസിദ്ധനായ ജാംബവാൻ അതിൽ ജീവിച്ചിരുന്നു. തൻെറ പുത്രന് കളിക്കാനായി രത്നമെടുക്കാൻ നിശ്ചയിച്ച് ജാംബവാൻ സിംഹത്തിനെ വകവരുത്തി. ഇതേ സമയം ദ്വാരകയിൽ കൃഷ്ണനാണ് പ്രസേനനെ കൊന്ന് രത്നം മോഷ്ടിച്ചതെന്നൊരു കിംവദന്തി പരന്നു. അപവാദത്തിൽ നിന്നും സ്വയം രക്ഷിക്കാൻ കൃഷ്ണൻ പ്രസേനൻ വനത്തിലേക്ക് പോയ പാത പിന്തുടർന്നു. അവിടെ പ്രസേനൻെറ പിണം കണ്ടു. ഒരു സിംഹവുമായി മൽപ്പിടുത്തമുണ്ടായതിൻെറ ലക്ഷണവും കാണായി. പിന്നീട് സിംഹത്തിൻെറ ജഢം ഒരു ഗുഹാമുഖത്ത് കൃഷ്ണൻ കണ്ടു. രത്നവും തേടി കൃഷ്ണൻ ഗുഹക്കുള്ളിൽ കയറി. അവിടെ തൊട്ടിലിനു മുകളിൽ അത് തൂങ്ങിക്കിടക്കുന്നു.

കൃഷ്ണനെക്കണ്ട് ശിശുവിൻെറ ആയ ഉറക്കെ വിളിച്ചു കരഞ്ഞു. ജാംബവാൻ ഓടിയെത്തി. അവിടെ ജാംബവാനും കൃഷ്ണനുമായി വലിയൊരു മൽപ്പിടുത്തം തന്നെ നടന്നു. കുറേ ദിവസങ്ങൾ തുടർച്ചയായി പോരാടിക്കഴിഞ്ഞപ്പോൾ വീരപരാക്രമിയായ ജാംബവാനാണ് തളർന്നു പോയത്. അത്ഭുതപരവശനായ ജാംബവാൻ പറഞ്ഞു. “അവിടുന്ന് ഭഗവാൻ തന്നെ. എല്ലാ ജീവജാലങ്ങളുടെയും പൊരുൾ. അവിടുന്നാണ് പരമപുരുഷൻ. സൃഷ്ടാവിൻെറ പ്രജാപതിയും കാലവും അവിടുന്നത്രേ. അവിടുന്നു തന്നെ എല്ലാറ്റിൻെറയും പരംപൊരുൾ. അവിടുന്ന് കഴിഞ്ഞ ജൻമത്തിലെ രാമചന്ദ്രപ്രഭു തന്നെ.” അങ്ങിനെ ഭഗവാനെ തിരിച്ചറിഞ്ഞ് ജാംബവാൻ കൃഷ്ണനെ ആരാധിച്ചു. കൃഷ്ണൻ കഥകളെല്ലാം വെളിപ്പെടുത്തി. ജാംബവാൻ ആഹ്ലാദപുരസ്സരം സ്യമന്തകത്തെ കൃഷ്ണനു നൽകി. കൂടാതെ സന്തുഷ്ടനായി തൻെറ പുത്രിയായ ജാംബവതിയെ കൃഷ്ണനു പാണിഗ്രഹണം ചെയ്തു കൊടുക്കുകയും ചെയ്തു.

ദ്വാരകയിൽ രത്നം തേടിപ്പോയ കൃഷ്ണനെ കാണാഞ്ഞ് എല്ലാവരും ദു:ഖത്തിലാണ്ടു. കൃഷ്ണൻ ഗുഹയിലേറി ഏറെ നാളായിട്ടും തിരിച്ചു വന്നില്ല. കൃഷ്ണൻെറ അമ്മയും രുഗ്മിണിയും മറ്റും വ്രതമെടുത്ത് കൃഷ്ണൻെറ സംരക്ഷയ്ക്കു വേണ്ടി ദേവീ ഉപാസന നടത്തി. കൃഷ്ണൻ സ്യമന്തകവും കൊണ്ട് ജാംബവതീ സമേതനായി ദ്വാരകയിൽ തിരിച്ചെത്തിയപ്പോൾ ഏവരും ആഹ്ലാദിച്ചു. ഭഗവാനെ കാത്തു രക്ഷിച്ചതിൽ അവർ ഭഗവതിയോടു നന്ദിപറഞ്ഞു. കൃഷ്ണൻ സത്രാജിത്തിനെ സഭയിൽ വിളിച്ച് സ്യമന്തകം തിരിച്ചേൽപ്പിച്ചു. തൻെറ രത്നം നഷ്ടപ്പെട്ടതിനും സഹോദരൻെറ മരണത്തിനും കൃഷ്ണനെ പഴിചാരിയതിൽ സത്രാജിത്ത് ലജ്ജിച്ചു. ബന്ധം നന്നാക്കിയെടുക്കാൻ തൻെറ പുത്രിയായ സത്യഭാമയെ കൃഷ്ണന് വിവാഹം ചെയ്തു കൊടുത്തു. അദ്ദേഹം സ്യമന്തകമണി വിട്ടുകൊടുക്കാൻ തയ്യാറാവുകയും ചെയ്തു. എന്നാൽ കൃഷ്ണൻ സത്രാജിത്തിനോട് രത്നം സ്വയം സൂക്ഷിച്ചു കൊള്ളാൻ പറയുകയാണ് ചെയ്തത്. എന്നാൽ അതിൻെറ സൽഫലങ്ങൾ ദ്വാരകാവാസികളുമായി പങ്കുവയ്ക്കണമെന്ന് അദ്ദേഹത്തെ ഉപദേശിക്കുകയും ചെയ്തു.